# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**



**പി.ആർ.ഒ./39/248/2018** **2018 നവംബർ 21**


## എം.ജി. വാർത്താക്കുറിപ്പ്

---

### പ്രാക്ടിക്കൽ മാറ്റി

മൈലക്കൊമ്പ് സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിൽ നവംബർ 22, 23 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി .എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ യഥാക്രമം ഡിസംബർ 3, 4 തീയതികളിൽ നടക്കും.

### പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ സി .ബി.സി.എസ് - യു.ജി. നവംബർ 2018 പരീക്ഷകൾ നവംബർ 27 മുതൽ ആരംഭിക്കും. ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ. വെള്ളിയാഴ്ച രണ്ടു മുതൽ അഞ്ചുവരെ . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ സി .ബി.സി.എസ്.എസ്. യു.ജി. (2013 - 2016 അഡ്മിഷൻ ഇംപ്രൂവ് മെന്റ്/റീഅപ്പിയറൻസ്) പരീക്ഷകൾ (പുതിയ സ് കീം റഗുലർ - 2017 അഡ്മിഷൻ) നവംബർ 27ന് ആരംഭിക്കും . രാവിലെ 9.30 മുതൽ 12.30 വരെയാണ് പരീക്ഷ . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

### അപേക്ഷ തീയതി

സീപാസിലെ രണ്ടാം സെമസ്റ്റർ എം .എസ്സി സി.ഇ. ആന്റ് എൻ.ടി. (കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ് വർക്ക് ടെക് നോളജി - സപ്ലിമെന്ററി/ 2013 അഡ്മിഷൻ മേഴ് സി ചാൻസ് ) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 23 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം .എ./ എം.എസ്സി./ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് ) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷന് റഗുലർ വിദ്യാർഥികൾക്ക് പിഴയില്ലാതെ നവംബർ 26 മുതൽ 28 വരെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ നവംബർ 29 മുതൽ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഡിസംബർ ഒന്നു മുതൽ രണ്ടു വരെയും അപേക്ഷിക്കാം . ആദ്യ മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ (2013 അഡ്മിഷൻ) 5000 രൂപയും, രണ്ടാം തവണയെഴുതുന്നവർ (2012 അഡ്മിഷൻ) 7000 രൂപയും സ്പെഷൽ ഫീസായി പരീക്ഷാഫീസിനും സി .വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

റഗുലർ വിദ്യാർഥികൾ പ്രിൻസിപ്പൽ മുഖേന college.mgu.ac.in എന്ന വെബ്സൈറ്റ് വഴിയും സപ്ലിമെന്ററി വിദ്യാർഥികൾ epay.mgu.ac.in എന്ന വെബ്സൈറ്റ് വഴിയും ഓൺലൈനായി ഫീസടയ്ക്കണം . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ എം .എസ്‌സി. സൈക്കോളജി (സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 23, 26 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**അന്തിമ സ്ഥാനപട്ടിക**

2017 മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു . മാന്നാനം കെ.ഇ. കോളേജിലെ ജെസ് ലിൻ ജോൺ , ജില്ല മാത്യു എന്നിവർ ഒന്നാം സ്ഥാനവും പി.ആർ. രശ്മി, ജെസ്സിൻ കുര്യൻ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനവും നേടി.

**ജീവനക്കാർക്ക് പരിശീലനം ഇന്ന് (നവംബർ 22)**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ജീവനക്കാർക്കായി ഓഡിറ്റ് , സ്റ്റോർ പർച്ചേസ് എന്നിവയെക്കുറിച്ച് സംഘടിപ്പിക്കുന്ന പരിശീലന പരിപാടി ഇന്ന് (നവംബർ 22) നടക്കും. രാവിലെ 10 മുതൽ സ് കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിന്റെ സെമിനാർ ഹാളിലാണ് പരിശീലനം . തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണം.

## പ്രളയദുരിതം പേറിയ കുമരകം വി.എച്ച്.എസ്.എസിന്

## എം.ജി. സർവകലാശാല നൽകും 1.30 ലക്ഷത്തിന്റെ പുസ്തകങ്ങൾ

**– പുസ്തകങ്ങൾ കൈമാറുന്ന അക്ഷരസ്നേഹം പരിപാടി ഇന്ന്**

പ്രളയത്തിൽ ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ട കുമരകം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ് കൂളിന് 1.30 ലക്ഷം രൂപയുടെ പുസ്തകങ്ങൾ സംഭാവന നൽകി മഹാത്മാ ഗാന്ധി സർവകലാശാല. 511 പുസ്തകങ്ങളാണ് സ് കൂളിന് നൽകുന്നത് . സാഹിത്യം, വിജ്ഞാനം, ചരിത്ര പുസ്തകങ്ങളാണുള്ളത്.

പുസ്തകം കൈമാറുന്ന 'സ്നേഹാക്ഷരം' പരിപാടി ഇന്ന് (നവംബർ 22) ഉച്ച കഴിഞ്ഞ് രണ്ടിന് കുമരകം വി .എച്ച്.എസ്.എസ്. സ്കൂളിലെ ഓഡിറ്റോറിയത്തിൽ നടക്കും . സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനവും പുസ്തക കൈമാറ്റവും നിർവഹിക്കും . കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. സലിമോൻ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ മുഖ്യ പ്രഭാഷണം നടത്തും.

ജില്ലാ പഞ്ചായത്തംഗം ജയേഷ് മോഹൻ , ബ്ലോക്ക് പഞ്ചായത്തംഗം കെ . വി. ബിന്ദു, ഗ്രാമപഞ്ചായത്തംഗം സിന്ധു രവികുമാർ , സർവകലാശാല ലൈബ്രേറിയൻ ഡോ . ലൈല ടി . എബ്രഹാം, വി.എച്ച്.എസ്.എസ്. പ്രിൻസിപ്പൽ ലിയ തോമസ് , എച്ച്.എസ്.എസ്. പ്രിൻസിപ്പൽ വിശ്വനാഥൻ നായർ , ഹെഡ്മാസ്റ്റർ വിജയകുമാർ, പി.ടി.എ. പ്രസിഡന്റ് ഫിലിപ്പ് സ്കറിയ എന്നിവർ പങ്കെടുക്കും.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ